പറഞ്ഞുവന്നത് എന്റെ ചുവന്ന പുള്ളി കുടയെക്കുറിച്ചാണ്. ഇത്തവണത്തെ ഷോപ്പിങ്ങിൽ അങ്ങനെ എന്റെ കയ്യിൽപ്പെട്ടതാണ് ഈ കുട. അത് നിവർത്തിയും ചുരുക്കിയും ചൂടിയും ഞാൻ അതിന്റെ ഭംഗി നോക്കിനോക്കി നിന്നപ്പോൾ "അതുകൂടി വാങ്ങിക്കോളൂ" എന്നൊരു ചിരിയുടെ മേമ്പൊടിയുള്ള സ്വരം കേൾക്കേണ്ട താമസ്സം, ആ പാവം കുടയുടെ വിധി തീരുമാനിക്കപ്പെട്ടു.

നാട്ടിൽ നിന്നും തിരിച്ചെത്തിയതു മുതൽ ഇടയ്ക്കിടെ ചാറ്റൽ മഴയായും മറ്റുചിലപ്പോൾ തുള്ളിക്കൊരു കുടമായും മഴ കൂടെക്കൂടെ വന്നുകൊണ്ടിരിക്കുന്നു. ഇത്തവണ വളരെചെറിയ വേനലാവുമെന്നും മഴ കൂടുതലാവുമെന്നും കാലാവസ്ഥാ പ്രവചനവും വന്നു. അതുകൊണ്ട് അന്നു തൊട്ട് എല്ലാ ദിവസ്സവും എന്റെ ബാഗിൽ ഈ കുട സ്ഥാനം പിടിച്ചു.



# വർണ്ണക്കുടകൾ

ട്രെയിൻ ഇറങ്ങിയിട്ട് ഓഫീസിലേക്കുള്ള പത്തു മിനിറ്റു നടത്തത്തിൽ മഴ പൊടിയുമ്പോൾത്തന്നെ ഞാൻ എന്റെ കുട നിവർത്തി, ഇടയ്ക്കിടെ കുടയുടെ ഭംഗി നോക്കി ഞാൻ നടന്നു.

അങ്ങനെയുള്ള നടത്തത്തിലാണ് മഴ നനഞ്ഞു വരുന്ന സഹപ്രവർത്തകരിൽ പലരും എന്റെ സമീപമെത്തുമ്പോൾ എന്നെ നോക്കി പുഞ്ചിരിക്കുകയും ഞാൻ അവരെ എന്റെ കുടയിലേക്ക് ക്ഷണിക്കുകയും ചെയ്യാൻ തുടങ്ങിയത്.

അങ്ങനെയുള്ള ഒരു മഴദിവസ്സം മറ്റാരും കൂടെയില്ലാതെ നടന്നുതുടങ്ങുമ്പോൾ ആണ് വഴിവക്കിൽ നിന്ന് ആ സ്ത്രീ എന്നെ വിളിച്ചത്. അവരെ എനിക്ക് നേരത്തെ പരിചയമുണ്ട്, ഒരിയ്ക്കൽ മറ്റൊരു പ്രോഗ്രാമിനെക്കുറിച്ചു അന്വേഷിക്കാൻ ഓഫീസ്സിലെത്തി ആരെയാണ് കാണേണ്ടതെന്നറിയാതെ പരുങ്ങിനിൽക്കുമ്പോൾ ആണ് അവർ എന്റെ കൺമുന്നിൽപ്പെടുന്നത്. അവർക്ക് കാണേണ്ട ആളെ പരിചയപ്പെടുത്തിക്കൊടുത്തു തിരിയുമ്പോൾ അവർ എന്നോട് പേര് ചോദിച്ചു. ഏതാണ്ട് ഒരു മണിക്കൂർ കഴിഞ്ഞപ്പോൾ എന്നെ തിരഞ്ഞു അവരെത്തി. "രാവിലത്തെ പരിഭ്രമത്തിനിടയിൽ നിങ്ങളോട് ഒരു നന്ദിവാക്കു പറയാൻ മറന്നു, ഒരു സഹായം തേടി വന്നതായിരുന്നു". തിരക്കൊഴിഞ്ഞ ദിവസ്സമായതിനാൽ കുറച്ചുസമയം അവരോടു സംസാരിച്ചിരുന്നു.

"നേപ്പാളിൽ നിന്നാണ്, കാനഡയിലെത്തിയിട്ടു പതിനാല് കൊല്ലമായി. ഭർത്താവ് ഐ ടി പ്രൊഫ ഷണൽ ആയിരുന്നു. നാട്ടിൽ നിന്ന് ബിരുദാനന്തര ബിരുദം എടുത്തു വന്നതാണെങ്കിലും ഇവിടെ വന്നപ്പോൾ ഭാഷയിൽ അത്ര പ്രാവീണ്യമില്ലാത്തതിനാൽ നല്ല ജോലികൾക്കൊന്നും അപേക്ഷിക്കാൻ കഴിഞ്ഞില്ല. അപ്പോഴാണ് അദ്ദേഹം പറഞ്ഞത്, ഇംഗ്ലീഷ് ക്ലാസ്സിനുപോകൂ എന്ന്. അത് കഴിഞ്ഞപ്പോൾ വീണ്ടും മറ്റു ക്ളാസ്സുകൾ. ജോലിക്കൊന്നും ശ്രമിച്ചില്ല. സാമ്പത്തികമായി നല്ല നിലയിൽ ആയിരുന്നു. പക്ഷേ മെല്ലെ മെല്ലെ കാര്യങ്ങൾ കുഴഞ്ഞുമറിയുകയായിരുന്നു."

ലോകത്തിൽ നാം കണ്ടുമുട്ടുന്ന എല്ലാവർക്കും നമ്മളോട് ഒരു കഥ പറയാനുണ്ടാവുമെന്ന് എനിക്ക് തോന്നിത്തുടങ്ങിയത് ഇവിടെ ജോലി ചെയ്തു തുടങ്ങിയതിനു ശേഷമാണ്. അതിൽ മിക്കതും തന്നെ ഒരു സങ്കടകഥയാവുമെന്നും ഈയിടെയായി എനിക്ക് തോന്നാറുണ്ട്. ചിലർ ആ കഥ വളരെ ശാന്തതയോടെ നമ്മളോട് പറയുന്നു, മറ്റു ചിലർ കാഴ്ച്ച മറയ്ക്കുന്ന കണ്ണുനീരിനോടും ഒച്ചയടപ്പിക്കുന്ന ഗദ്ഗദത്തോടും മല്ലിട്ട് നമ്മളോട് പറയുന്നു. വലിയൊരു ആൾക്കൂട്ടത്തിനിടയിൽ ഒറ്റപ്പെട്ടുപോകുന്നവർ, പാതിവഴിയെത്തുമ്പോൾ കൂടെ നടന്നവർ തളർന്നുവീഴുന്നതു കണ്ട് നോക്കി നിൽക്കേണ്ടിവരുന്നവർ, ഒരു സുപ്രഭാതത്തിൽ കയറിച്ചെല്ലാൻ വീടില്ലാതാകുന്നവർ...
പട്ടിക നീണ്ടതാണ്.

"എന്താണ് സംഭവിച്ചത്?" എന്ന പതിവുചോദ്യം. "ഓഫീസിൽ നിന്നും എത്തുമ്പോൾ അദ്ദേഹം വല്ലാത്ത ക്ഷീണം എന്ന് പരാതി പറഞ്ഞുതുടങ്ങി. കാലുകൾ നീരുവന്ന് വീർത്തതുപോലെ. അധിക നേരം ഇരുന്ന് ജോലിചെയ്യുന്നതിനാലാവും എന്നാണ് ആദ്യം കരുതിയത്. പിന്നെപ്പിന്നെ ജോലിക്കുപോകാൻ വയ്യാതായി. ഏതിനും ഞാൻ വേണം. വളരെ നിർബന്ധിച്ചാണ് ഡോക്ടറെ കണ്ടത്. ഒട്ടനവധി ടെസ്റ്റുകൾ, അറിയാമല്ലോ ഇവിടെ എല്ലാം ധാരാളം സമയമെടുത്താണ്. ഒടുവിൽ റിസൾട്ട് വന്നു, കിഡ്നി ഫെയിലർ ആണ്. ഡയാലിസിസ് തുടങ്ങി, കഴിഞ്ഞ രണ്ടു വർഷമായി." ഇടയ്ക്കിടെ അവർ വിതുമ്പിക്കൊണ്ടിരുന്നു.

"ഒരു നിമിഷം, നിറഞ്ഞുപെയ്യുന്ന മഴയെ ഞാൻ മറന്നുപോയി. കയ്യിലിരുന്ന കുട ഞാൻ ചുരുക്കി. പെട്ടെന്ന് എന്റെ കയ്യിൽ നിന്നും കുട വാങ്ങി നിവർത്തി അവർ പറഞ്ഞു, "ചിലരുടെ ജീവിതം ഈ വർണ്ണക്കുട പോലെയാണ്. സ്വയം നനഞ്ഞും ഉരുകിയും കീഴെനിൽക്കുന്നവരെ മഴയും വെയിലും കൊള്ളാതെ സംരക്ഷിക്കുക".

"കുട്ടികൾ?" പ്രാക്റ്റീസ് എന്നെ അടുത്ത ചോദ്യത്തിലേക്ക് വേഗം എത്തിച്ചു. ടിഷ്യു പേപ്പർകൊണ്ട് കണ്ണു തുടച്ചു അവർ തുടർന്നു, "കുട്ടികളില്ല, എനിക്ക് വല്യ ഇഷ്ടമാണ് കുട്ടികളെ. പഠനത്തിന്റെ പേര് പറഞ്ഞു അദ്ദേഹമാണ് കുട്ടികൾ വേണ്ടെന്നു തീരുമാനിച്ചത്. നമുക്ക് നമ്മൾ മതി എന്ന തോന്നൽ."

ഞാൻ എന്തെങ്കിലും പറയുന്നതിനു മുൻപേ സംസാരം മതിയാക്കി അവർ എഴുന്നേറ്റു. "വേഗം ചെല്ലണം, അദ്ദേഹം തനിച്ചാണ്. കിഡ്നി ട്രാൻസ്പ്ലാനറ്റേഷനു ദാതാവിനെ തേടുന്നുണ്ട്. എന്റേതു യോജിക്കില്ല. അതിനുള്ള ഭാഗ്യം പോലും എനിക്കില്ല". തിരക്കിട്ട് എന്റെ ഫോൺ നമ്പർ വാങ്ങി അവർ നടന്നു നീങ്ങി.

തിരിച്ചു സീറ്റിലേക്കെത്തുമ്പോൾ ഒരു തരം വിങ്ങലായിരുന്നു മനസ്സിൽ. ഒറ്റയ്ക്കായിപ്പോകുന്ന ജന്മങ്ങൾ ഓരോ ദിവസ്സവും കൺമുന്നിലൂടെ കടന്നുപോവുകയാണ്, പലപ്പോഴും നാം അറിയാതെ.

ഇടയ്ക്ക് ചില ദിവസങ്ങളിൽ അവർ വിളിച്ചു, ഒരു ജോലി അന്വേഷിക്കുന്നതിനെക്കുറിച്ചു സംസാരിച്ചു. ഭർത്താവിന്റെ അച്ഛൻ പണം അയച്ചു സഹായിക്കുന്നതിനെക്കുറിച്ചു സന്തോഷത്തോടെ പറഞ്ഞു.

"നിങ്ങളോട് സംസാരിക്കുമ്പോൾ എനിക്കൊരു റിലീഫ് ആണ്" എന്നു പറഞ്ഞു പലപ്പോഴും അവരുടെ ഫോൺ വിളികൾ എന്നെത്തേടിയെത്തി. അതിനു ശേഷം കുറെ നാളത്തേക്ക് അവരുടെ ഫോൺ വിളികൾ കണ്ടില്ല. ഇപ്പോഴാണ് അവരെ വീണ്ടും കാണുന്നത്.

"നല്ല ഭംഗിയുള്ള കുട", മഴയിലൂടെ ഓടിവന്ന് കുടക്കീഴിൽ കയറിയപ്പോഴേ അവർ പറഞ്ഞു. "എങ്ങനുണ്ട് ഭർത്താവിന്?" ഞാൻ ചോദിച്ചു. "കിഡ്നി ദാതാവിനെക്കിട്ടി" മഴയത്തേയ്ക്കു നോക്കി അവർ പറഞ്ഞു. "അത് വല്യ സന്തോഷം തന്നെ, എന്നത്തേക്കാണ് സർജറി?"

കുടക്കീഴിൽ നിന്നും പുറത്തേക്ക് കൈനീട്ടി മഴ നനച്ചുകൊണ്ടു അവർ പറഞ്ഞു, "ഭർത്താവിന്റെ സഹോദരനാണ്. മൂന്നാലു മാസം കൂടിയുണ്ട് സർജറിക്ക്. അയാൾ വീട്ടിലാണ് താമസിക്കുന്നത്."

കുറച്ചുനേരം അവർ മിണ്ടാതിരുന്നു, "എന്തുപറ്റി, നിങ്ങൾക്കു സുഖമില്ലേ?" ഞാൻ ചോദിച്ചു.

"സുഖമാണ്, കിഡ്നി ട്രാൻസ്പ്ലാൻറ്റേഷൻ നടത്തിക്കഴിഞ്ഞാൽ അദ്ദേഹം പൂർവ്വ സ്ഥിതിയിലേക്ക് തിരിച്ചു വരുമോ?" ഒട്ടും സന്തോഷമില്ലാത്ത രീതിയിലുള്ള അവരുടെ ചോദ്യം കേട്ട് ഞാൻ സംശയ ഭാവത്തിൽ നോക്കി.

"വാതിലിനു പൂട്ടില്ലാത്ത ഒരു ബെഡ്റൂമിൽ എനിക്ക് പേടിയാണ്, ബന്ധങ്ങൾ തിരിച്ചറിയാൻ കഴിയാത്ത ഒരാൾ വീട്ടിലുള്ളപ്പോൾ. ഡയാലിസിസ് കഴിഞ്ഞു ക്ഷീണിച്ചുറങ്ങുന്ന അദ്ദേഹത്തോട്, ഒരു പുതുജീവിതം സ്വപ്നം കാണുന്ന അദ്ദേഹത്തോട് ഞാൻ എങ്ങനെ പറയും, പതുങ്ങിവരുന്ന കാലടികൾ പേടിച്ചു ഉറങ്ങാതിരിക്കുന്ന രാത്രികളെക്കുറിച്ചു, സഹോദരന്റെ ജീവിതത്തിനു വിലയിടുന്ന അദ്ദേഹത്തിന്റെ കൂടപ്പിറപ്പിനെക്കുറിച്ചു."

ഒരു നിമിഷം, നിറഞ്ഞുപെയ്യുന്ന മഴയെ ഞാൻ മറന്നുപോയി. കയ്യിലിരുന്ന കുട ഞാൻ ചുരുക്കി. പെട്ടെന്ന് എന്റെ കയ്യിൽ നിന്നും കുട വാങ്ങി നിവർത്തി അവർ പറഞ്ഞു, '

"ചിലരുടെ ജീവിതം ഈ വർണ്ണക്കുട പോലെയാണ്. സ്വയം നനഞ്ഞും ഉരുകിയും കീഴെനിൽക്കുന്നവരെ മഴയും വെയിലും കൊള്ളാതെ സംരക്ഷിക്കുക. എങ്കിലും അതൊരു ഭാഗ്യജന്മമാണ്. ഉള്ളിൽ ഉരുകിയാലും പുറമേ നിന്ന് നോക്കുമ്പോൾ എത്ര ഭംഗിയാണല്ലേ."

ഓഫീസെത്തിയിരിക്കുന്നു. യാത്ര പറഞ്ഞു അവർ നടന്നു നീങ്ങി. കാണെക്കാണെ എന്റെ കയ്യിലിരുന്ന കുടയോട് എനിക്ക് വല്ലാത്ത ഇഷ്ടം തോന്നി. എന്റെ കണ്ണിലും ഒരു ചാറ്റൽ മഴ പെയ്തു തുടങ്ങി.●



# ആദരാഞ്ജലികൾ



## Mr. Alex Thomas

**President,**
**IAPC Atlanta Chapter**

**Indo American Press Club**

ചാപ്റ്റർ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട അലക്സ് തോമസ്, ജോർജിയ സ്റ്റേറ്റിലെ ഇന്ത്യൻ അമേരിക്കൻ സമൂഹത്തിലെ പ്രമുഖ വ്യക്തിയും, ചാർലറ്റ്വിൽ മലയാളി അസോസിയേഷന്റെ 2006–2007 കാലഘട്ടത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമായിരുന്നു. 2018 ലെ ഐഎപിസി അറ്റ്ലാന്റാ ചാപ്റ്റർ വൈസ് പ്രസിഡന്റ് ആയിരുന്നു. റിപ്പോർട്ടർ ചാനൽ, ജയ് ഹിന്ദ്വാർത്ത മുതലായവയുടെ അറ്ലാന്റാ കോഓർഡിനേറ്റർ, എ ഏ ആർ പി യുടെ ജോർജിയയിലെ ഇൻസ്ട്രക്ടർ എന്നീ നിലയിലും സാമൂഹ്യപ്രതിബദ്ധതയുള്ള അലക്സ് തോമസ് 2020 ലെ അറ്റ്ലാന്റാ ചാപ്റ്ററിന്റെ പ്രസിഡന്റ് ആയി കർമ്മനിരതൻ ആയിരുന്നു.




# കാനഡയിലെ നമ്മുടെ യുവ തലമുറയുടെ പോക്ക് എങ്ങോട്ട്?



ഈ തലക്കെട്ടു കാണുമ്പോൾ ചെറിയ ഒരു ആശങ്ക അല്ലെ. അതെ ആശങ്കപെടേണ്ടി ഇരിക്കുന്നു. കാനഡയിൽ ഈ കഴിഞ്ഞ കാലയളവുകൾ വരെ മദ്യം ആയിരുന്നു അടക്കി ഭരിച്ചു കൊണ്ടിരിന്നത്. മറ്റുള്ള ലഹരികൾ എല്ലാം രഹസ്യമായിരുന്ന പരസ്യം ആയിരുന്നു.
പക്ഷെ അതെല്ലാം മാറ്റി മറിച്ചു കൊണ്ട് നിയമപരമായി, canabins അതായത് നമ്മുടെ മലയാള ഭാഷയിൽ പറഞ്ഞാൽ ഇടുക്കി ഗോൾഡ് എന്ന കഞ്ചാവ്. അതിന്റെ കുത്തൊഴുക്കിൽ ആണ് കാനഡയിലെ ജനങ്ങൾ...ആ കുത്തൊഴുക്കിൽ നമ്മുടെ യുവ തലമുറയും പെട്ട് ഒലിച്ചു പോവുന്നു. ഇതും ഒരു യാഥാർത്യമാണ്.

നമ്മൾ ജനിച്ച മണ്ണിലെ സംസ്കാരങ്ങൾ കാനഡയിലെ സംസ്കാരങ്ങളുമായീ ഒരിക്കലും ഒത്തു ചേരില്ല. അതുകൊണ്ടു ഇവിടെ യുവ തലമുറയിലേക്കു കടക്കുന്ന കുട്ടികൾ സ്വതന്ത്രരാണ്. മാതാപിതാക്കളോ മൂകരായ പ്രതിമകളും. ഇതിന്റെ ആഴങ്ങളിലേക്ക് പോയാൽ കുറെ കാര്യങ്ങൾ പറയുവാൻ ഉണ്ട്. അതിലേക്കു കിടന്നാൽ ഈ എഴുത്തു കുത്തുകൾ പോരാ. ഈ കുഞ്ഞുങ്ങൾ ഈ ആഴകടലിലേക്കു പോവുന്നതിന്റെ കാരണങ്ങൾ ഒരു പരിധി വരെ നമ്മൾ മാതാപിതാക്കൾ തന്നെ. സൂക്ഷ്മതയോടെ നിരീക്ഷിച്ചാൽ നാം ഒരൊരുത്തർക്കും മനസിലാവും. അത് എന്തെന്ന് ചുരുക്കി പറഞ്ഞു നിർത്താം.

കാനഡയിലെ മലയാളി സമൂഹം അവന്റെ ഇവിടത്തെ ജീവിതത്തിൽ നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു യന്ത്രം ആയീ മാറീ അല്ലെങ്കിൽ മാറുന്നു... ഈ സമയത്തു നമ്മുടെ മക്കൾക്കു കൊടുക്കേണ്ട സ്നേഹവും, ലാളനകളും, പരിചരണങ്ങളും അവർക്കു കിട്ടേണ്ട സമയത്തു നഷ്ടപ്പെട്ടു പോവുന്നു. അവരാണെങ്കിലോ ബാല്യത്തിൽ ഈ നഷ്ടപ്പെട്ടു പോയതെല്ലാം നേടുവാൻ ലഹരിക്ക് പുറകെ പായുന്നു... ഇതു ശരിയോ തെറ്റോ...?

- Joby C. Abraham



# CO-പ്രണയ കാലം

**"കാനനാസ്കിസിലെ റോക്കി മൗണ്ടനിൽ ഏകാന്തമായി നടത്തിയ പർവ്വതാരോഹണങ്ങളിലും നീലാഞ്ജനം പോലെയുള്ള ബ്രിട്ടീഷ് കൊളംബിയയിലെ കടൽ തീരങ്ങളിലൂടെ നടത്തിയ കാൽനട യാത്രകളിലും എമറാൾഡ് ലേക്കിലെ ലഹരി പിടിപ്പിക്കുന്ന മാസ്മരിക ഭംഗിയിലും അവളായിരുന്നു മനസ്സിൽ."**



-Rajeev Chitrabhanu

ദൈ

ദൈവമേ, കണ്ണുകൾ നീറുന്നതു കാരണം തീരെ തുറക്കാൻ പറ്റുന്നില്ല. പൊട്ടുന്ന വേദന കാരണം എന്റെ തല പൊക്കാനാകുന്നില്ല. വരണ്ട തൊണ്ടയിൽ ആർദ്രത വറ്റിയ ചുമ മാത്രം നിരന്തരമായി സാന്നിദ്ധ്യമറിയിച്ചു കൊണ്ടിരിയ്ക്കുന്നു. ആശുപത്രിയിലെ ഐസൊലേഷൻ വാർഡിന്റ വാതിലിനു മുന്നിൽ നിഴലുകളുണ്ടോ എന്ന് തോന്നിയതുമാവാം. അത് കൊറോണ രോഗിയോ മാലാഖയോ അതോ മരണമോ?

രണ്ടാഴ്ച മുമ്പല്ലേ ബാറിൽ അവളുടെ കൂടെയിരുന്ന് കൊറോണ ബിയർ നുണഞ്ഞതും ഇറ്റലിയിൽ പുഴുക്കളെപ്പോലെ മനുഷ്യർ തീരുന്നതിനെപ്പറ്റി വാചാലനായതും! ഇന്നിപ്പോൾ അവളെവിടെയാണെന്നു പോലും അറിയാതെ ഇവിടെയിങ്ങനെ തീരാനാവുമോ വിധി? ഇത് ശരിയല്ല, ഇത് എന്തൊരു വിഢിത്തമാണ്!

മരണമേ, എനിക്ക് മരിക്കാൻ പ്രായമായില്ലല്ലോ... വില കുറഞ്ഞ ജീവനുകളുമായി പന്താടാൻ നിനക്ക് ആഫ്രിക്കയില്ലേ? നമ്മൾ കൃത്യമായി ടാക്സ് കൊടുക്കുകയും സോഷ്യൽ ഡിസ്റ്റൻസിങ്, സോപ്പിട്ടു കൈ കഴുകൽ, എന്നിങ്ങനെ ജാത്യാചാരങ്ങളെല്ലാം പാലിയ്ക്കുകയും ചെയ്തതല്ലേ?

കാനനാസ്കിസിലെ റോക്കി മൗണ്ടനിൽ ഏകാന്തമായി നടത്തിയ പർവ്വതാരോഹണങ്ങളിലും നീലാഞ്ജനം പോലെയുള്ള ബ്രിട്ടീഷ് കൊളംബിയയിലെ കടൽ തീരങ്ങളിലൂടെ നടത്തിയ കാൽനട യാത്രകളിലും എമറാൾഡ് ലേക്കിലെ ലഹരി പിടിപ്പിക്കുന്ന മാസ്മരിക ഭംഗിയിലും അവളായിരുന്നു മനസ്സിൽ.

തമ്മിൽ കാണുമ്പോഴൊക്കെയും പറയാതെ പറഞ്ഞു വെക്കുന്ന പ്രണയങ്ങളും പരിഭവങ്ങളും കൈമാറുന്നതു പോലെ.... എന്നാൽ അവൾ എന്തൊക്കെയോ നിഗൂഢത കളും ഒളിപ്പിക്കുന്നതുപോലെ കൊണ്ടാടപ്പെട്ട ആ പ്രണയകാലം...

ബീച്ചിൽ പറക്കുന്ന പക്ഷികൾ അന്ന് വിഹായസ്സിൽ വരച്ച ചിത്രങ്ങൾ ആ ദേവതയെ ഓർമ്മിപ്പിച്ചതും, പിന്നെ ഒരു നാൾ സന്യാസം സ്വീകരിച്ചു മലമുകളിൽ തപസ്സിരിക്കുമ്പോൾ അവളെയെങ്ങനെ പിരിയും എന്നോർത്തതും ഓർത്ത് ആശുപത്രിക്കിടക്കയിൽ ഞെളിപിരി കൊണ്ട് മടുത്തു. നേഴ്സ് വന്നു പറഞ്ഞു - വൈറ്റൽസ് എടുക്കാൻ സമയമായി.

അന്ന് രാത്രി മരണം പറഞ്ഞു: "സമയമായില്ല മോനെ, ഞാനീ വാർഡിൽ കറങ്ങി നടക്കുന്നുണ്ട്. സമയമാകുമ്പോൾ വന്നു നിന്നെ കൊണ്ടുപോയ്ക്കോളാം. ഇടയ്ക്കിടയ്ക്ക് ഹസ്തദാനം തന്നു ആനയിക്കേണ്ടതില്ല."

അത് പറഞ്ഞത് മരണമോ അതോ നേഴ്സ്സിന്റെ വേഷത്തിൽ വന്ന മാലാഖയോ? മാലാഖമാരുടെ പറുദീസയിൽ ദൈവം മരണത്തിന്റെ ആനന്ദ നൃത്തം കണ്ടാസ്വദിക്കുന്ന രാത്രിയായിരുന്നുവല്ലോ അത്. മുഖം മൂടിയണിയാൻ പറ്റാത്ത മാലാഖമാർ കരഞ്ഞപ്പോൾ ദൈവം പറഞ്ഞു: "മുഖം മൂടിയണിയാത്തവരാണ് എന്റെ പ്രിയങ്കരികൾ, അവർ ആണ് ആദ്യം എന്റെ അടുത്തു എത്തുക."

"അവളുടെ നോട്ടങ്ങളും കണ്ണിലെ ഭാവങ്ങളും എന്നും പറയാതെ പറയുന്നുണ്ടായിരുന്നു – ഇഷ്ടമാണെന്ന്."

അത് കേട്ടപ്പോൾ മുഖം മൂടിയണിഞ്ഞ മാലാഖാമാർക്ക് സംശയവും ദുഃഖവുമായി - മുഖത്തിന്റെ മൂടുപടം ധരിയ്ക്കണോ അതോ മരിയ്ക്കണോ? മൂടുപടം ധരിച്ചവരുടെ നാട്ടിൽ മാലാഖമാരുടെ ധർമസങ്കടത്തിന് ദൈവത്തിനു പോലും ഉത്തരം നൽകാൻ ആയില്ല. ദൈവം ഉത്തരം നൽകുന്നതിനേക്കാൾ ചോദ്യങ്ങൾ ചോദിയ്ക്കുന്ന തിരക്കിലായിരുന്നല്ലോ...

ഇന്റെൻസീവ് കെയർ യൂണിറ്റിൽ ആർക്കും പ്രവേശനമില്ലെങ്കിലും രാത്രി ഒരുറക്കമോ അതോ മരുന്നിന്റെ മയക്കമോ എന്തോ ഒന്ന് കഴിഞ്ഞു കണ്ണും തുറന്നിരിക്കുമ്പോൾ അവളതാ കതക് തുറന്നു കൂളായി കടന്നു വരുന്നു... ഇതൊരു തോന്നലാണോ അതോ മരുന്നിന്റെ എഫക്റ്റാണോ?

പരിഭ്രമം കണ്ട് അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു: യാഥാർത്ഥ്യമാണ് സാറെ.... നിങ്ങളെ കാണാൻ മറ്റൊരു സമയത്തും പറ്റില്ലെന്നു ഉറപ്പുണ്ടായിരുന്നു. അല്ലെങ്കിലും നമ്മൾക്ക് കാണാൻ സമയവും കാലവും ഒരിയ്ക്കലും അനുവാദം തന്നിരുന്നില്ലല്ലോ...

"അവളിന്നു മറ്റൊരാളുടെ ഭാര്യയാണ്. രണ്ടു കുട്ടികളുടെ  അമ്മയാണ്. പലരുടെയും പലതുമാണ്. ചേരേണ്ട തന്മാത്രകൾ ചേരുമായിരുന്നെങ്കിൽ കാലം ജാതിയും മതവും നോക്കാതെ ഞങ്ങളെ ഒന്നാക്കിയേനെ"

വാതിലിനിപ്പുറം ഒളിച്ചു നിന്ന് പ്രേമസംഭാഷണം കേൾക്കുന്ന മരണത്തോട് ഞാൻ പറഞ്ഞു. മരണം ഒന്ന് ചമ്മി, പിന്നെ തലയുയർത്തിപ്പിടിച്ച് അടുത്ത വാർഡിനെ ലക്ഷ്യമാക്കി നടന്നു.

അവൾ ചോദിച്ചു: "സംഗീതവും കവിതയും സാഹിത്യവും കലയും പിന്നെ പ്രേമവും essential service ആണോ മാഷേ?"

അവൾ ചിരിച്ചു. വർഷങ്ങളോളം മയക്കിയ ചിരി. വൃത്തി കെട്ട ചുമയുടെ അകമ്പടിയോടെ ഞാൻ പറഞ്ഞു: "കൊറോണ വാർഡിനെ ചുറ്റിപറ്റി നടക്കുന്ന ഒരു കോമാളിയുണ്ട്. അവൻ പറയുന്നത് ഒന്നും ഈ ലോകത്തു അത്ര essential ഒന്നും അല്ലെന്നാണ്. പക്ഷെ പ്രേമവും കവിതയുമില്ലെങ്കിൽ പിന്നെ നമുക്ക് ജീവിതമെന്തിന് പ്രിയേ?"

കാലഹരണപ്പെട്ട വെട്ടുകിളികൾ ആ സമയത്ത് മാലാഖമാരെ വേട്ടയാടാനും അവരുടെ മുഖ പടം വലിച്ചുകീറി അവരെ നിരായുധരാക്കാനും നോക്കുകയായിരുന്നു ആ രാത്രിയിൽ. ആശുപത്രി വരാന്തയിൽ വെച്ച് വെട്ടുകിളികളുമായി മരണം ഒരു താൽക്കാലിക സന്ധിയിൽ ഒപ്പിട്ടു. തദനന്തരം അവർ ചിയേഴ്സ് പറഞ്ഞു — പക്ഷെ വെട്ടുകിളികൾക്കറിയില്ലായിരുന്നു, N95 മാസ്ക് ധരിച്ച് മുന്നിലിരുന്ന് ചിയേഴ്സ് പറഞ്ഞത് മരണമായിരുന്നു എന്ന സത്യം.

സന്ധി ചെയ്ത കരാർ മരണം കാറ്റിൽ പറത്തി പൊട്ടിച്ചിരിയ്ക്കുകയും വെട്ടുകിളികൾ പ്രാണരക്ഷാർത്ഥം അവരുടെ പൊത്തുകളിൽ lockdown പ്രഖ്യാപിച്ച് ഒളിച്ചിരിക്കുകയും ചെയ്തപ്പോൾ അദൃശ്യനായ മരണത്തോട് അദൃശ്യനായ ദൈവത്തെ ചൂണ്ടി ഞാൻ ചോദിച്ചു: ഇയാളാണോ രക്ഷകൻ? വെട്ടുകിളികൾ മറുപടി പറഞ്ഞു: അല്ലേയല്ല, ഞങ്ങൾ തന്നെയാണ് രക്ഷകർ, ഞങ്ങൾ മാത്രം.

അവളുടെ നോട്ടങ്ങളും കണ്ണിലെ ഭാവങ്ങളും എന്നും പറയാതെ പറയുന്നുണ്ടായിരുന്നു — ഇഷ്ടമാണെന്ന്.

ഇഷ്ടങ്ങൾ വെളിപ്പെടുത്താനാവാത്ത വിധം ദൂരത്തിലും വെളിപ്പെടുത്തേണ്ടതില്ലാത്ത വിധം അടുപ്പത്തിലുമായിരുന്നല്ലോ നാം... 65 വർഷത്തെ ആയുസ്സിൽ, ഇനി ഇപ്പോൾ കനിഞ്ഞു തന്ന ശിഷ്ടദിനങ്ങളിൽ, ഓർമ്മയിൽ മധുരകാലമായി വന്നതിലധികവും അവളെപ്പറ്റി ഉള്ളതായിരുന്നല്ലോ എന്നോർത്തപ്പോൾ ഒരുതരം വ്യർത്ഥബോധം പിടികൂടി. എന്താണ് ജീവിതം എന്ന് മരണത്തോട് ചോദിക്കുന്നതിൽ യുക്തിയില്ല.

വെട്ടുകിളികൾ വെളിച്ചം കെടുത്തിയ രാത്രിയിൽ ഞാൻ എന്നോട് ചോദിച്ചു, കഥ ഇത് വരെ പറഞ്ഞതും നാടകം ഇതു വരെ കളിച്ചതും ആർക്കു വേണ്ടിയായിരുന്നെന്ന്.

"ഞാൻ പറയാനാഗ്രഹിച്ചതും നീ കേൾക്കാൻ ആഗ്രഹിച്ചതും ആയ ഒരു കാര്യം പറഞ്ഞു പിരിയാം, പ്രായോഗികമായും ഭ്രാന്തില്ലാതെയും ആളുകൾ പെരുമാറുന്ന മറ്റൊരു ലോകത്തു വെച്ചു നമുക്കിനിയും കാണാം. എങ്കിലും, നീ ഒരു വാക്ക് പറയു പ്രിയേ, എന്നെ യാത്രയാക്കാൻ. എന്റെ വിൽപ്പത്രത്തിൽ എല്ലാ പ്രേമവും കണ്ണീരും ഞാൻ നിനക്കാണ് എഴുതി വെച്ചിട്ടുള്ളത്."

ദൈവം നിസ്സഹായനായി നിന്ന ആ രാത്രിയിൽ, മരണവും മാലാഖമാരും ഒരു പോലെ തിരക്കിലായിരുന്നു. ഒരു മാലാഖ വന്ന് ഉത്തരം പറയും മുമ്പ് അവളെ എന്നിൽ നിന്നകറ്റി....

ചിരിച്ചു കൊണ്ടവൾ വിട പറയുമ്പോൾ അവസാനം കണ്ടത് ദൈവം അവളുടെ പിറകേ ഒരു പൂവാലനെപ്പോലെ ചിരിച്ചു നടക്കുന്നതും മരണം എന്റെ വാർഡ് അന്വേഷിച്ച് ധൃതിയിൽ നടന്നു വരുന്നതുമായിരുന്നു.●




**കോവിഡ് -19 ന് എതിരേ പ്രതിരോധ മതിൽ കെട്ടിപ്പൊക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?**

**ഒരു NAMMAL മീഡിയ അവതരണം**



Direction
Raviraj Raveendran





Click the link to watch video
https://youtu.be/ZRk-BfKfQug



# കൊറോണ കാലത്തിനു ശേഷം: വിഷാദ രോഗവും മാനസിക സങ്കർഷവും

**മെയ് 1 ലെ കണക്കുകൾ അനുസരിച്ചു ലോകമെമ്പാടും 212 രാജ്യങ്ങളിലായി 4 ബില്യൺ ജനങ്ങൾ ഏതെങ്കിലുമൊരു തരത്തിൽ lockdown ൽ കൂടി കടന്നുപോകുന്നവരാണ്. ഈയവസ്ഥയിൽ, ഇതിൽ നിന്നു രക്ഷപെടുന്നതെങ്ങനെ എന്ന് ചിന്തിച്ചു കൊണ്ടിരിക്കുന്ന മാതാപിതാക്കളുടെ മുന്നിലെ ഒരു അനിഷേധ്യ ചോദ്യ ചിന്ഹമാണു നമ്മുടെ കുട്ടികളുടെ ഭാവി.**



- Dr. Aann Abraham

ക്ഷണിക്കപ്പെടാത്ത അതിഥിയായി നമ്മുടെ ഭവനങ്ങളിലേയ്ക്ക് കടന്നു വന്ന കോവിഡ് - 19 എന്ന മഹാമാരി ശാരീരികവും സാമ്പത്തികവുമായ അസ്ഥിതത്തെ തന്നെ പിടിച്ചുലയ്ക്കുക മാത്രമല്ല ചെയ്തുകൊണ്ടിരിക്കുന്നത് മറിച്ച് വയോധികരും കുഞ്ഞുങ്ങളും ഉൾപ്പെടുന്ന ഒരു സമൂഹത്തെ ആകെ തകർക്കുകയാണ്. ജീവിതത്തിന്റ്റെ സായാഹ്നത്തിൽ നാളെ ജീവിച്ചിരുപ്പുണ്ടാവുമോ എന്ന് പകച്ചു നിൽക്കുന്ന വാർധക്യത്തിൽ എത്തിയവർ! പ്രതീക്ഷകൾ മാത്രമുണ്ടായിരുന്ന യുവ തലമുറ പത്രമാധ്യമങ്ങളിൽ കൂടി കണ്ണോടിക്കാൻ ഭയപ്പെടുന്നു.

മെയ് 1 ലെ കണക്കുകൾ അനുസരിച്ചു ലോകമെമ്പാടും 212 രാജ്യങ്ങളിലായി 4 ബില്യൺ ജനങ്ങൾ ഏതെങ്കിലുമൊരു തരത്തിൽ lockdown ൽ കൂടി കടന്നുപോകുന്നവരാണ്. ആശങ്കയുടെ അന്തരീക്ഷം തീർത്തിരിക്കുകയാണ് ഈ മഹാ വ്യാധി. ഈയ വസ്ഥയിൽ, ഇതിൽ നിന്നുരക്ഷപെടുന്നതെങ്ങനെ എന്ന് ചിന്തിച്ചു കൊണ്ടിരിക്കുന്ന മാതാപിതാക്കളുടെ മുന്നിലെ ഒരു അനിഷേധ്യ ചോദ്യചിന്ഹമാണു ഇപ്പോൾ കുട്ടികളുടെ ഭാവി. എന്നാൽ അവരാകട്ടെ, മാതാപിതാക്കളുടെ വ്യക്തിത്വത്തിൽ നിന്ന് അടർത്തി എടുത്തു സ്വന്തം വ്യക്തിത്ത വികസനത്തിന് മാറ്റുകൂട്ടുവാൻ ഉതകുന്ന മനോഭാവങ്ങളെ തിരയുകയുമാണ്. ജോലി, സാമ്പത്തിക അനിശ്ചിതത്വം ഇവയിൽ തല പുകഞ്ഞു അസാരസപ്പെട്ടിരിക്കുന്ന മാതാപിതാക്കൾ വരും കാലഘട്ടങ്ങളിൽ, ഒരു പക്ഷേ വൈകാരിക അസന്തുലിതാവസ്ഥ കുട്ടികളിൽ ഉടലെടുക്കുന്നതിനു സാക്ഷ്യം വഹിച്ചേക്കാം.

ഈ കാലഘട്ടം അങ്ങനെ ഒരു സമ്മാനം വരും തലമുറയ്ക്കായി കരുതി വെച്ചിട്ടുണ്ട്. ദൈനംദിനം ഉയർന്നു വരുന്ന മരണനിരക്കുകളും ലോക്ക് ഡൗൺ അരിഷ്ടതകളും കേട്ടു മരവിച്ചു പൊയ്ക്കൊണ്ടിരുന്ന ഈ ലോകത്തിനു മുന്നിൽ ആശയക്കുഴപ്പത്തിന്റെ വിത്തുകളാണ് നാം കുട്ടികളിൽ വിതയ്ക്കുന്നത്. അത്, ഒരു പക്ഷെ അവരുടെ സ്വഭാവ വൈകല്യങ്ങൾക്കു ആഴം കൂട്ടിയേക്കാം. ഇനി അങ്ങോട്ടുള്ള മാസങ്ങളിൽ വാക് സിൻ കണ്ടു പിടിക്കാനുള്ള മത്സര ഓട്ടത്തിലാണ് ലോക രാഷ്ട്രങ്ങൾ എല്ലാം തന്നെ. എന്നാൽ അപ്പോഴേയ്ക്കും കുട്ടികളിൽ ഉടലെടുത്തു കൊണ്ടിരിക്കുന്ന വൈകാരിക പ്രതിസന്ധികൾ ഇല്ലാതാവുകയല്ല മറിച്ചു അവർ

> **ദിനചര്യകൾക്ക് മാറ്റം വന്നേക്കാം, വൈകാരികത ലങ്ങൾക്കു വ്യത്യാസം ഉണ്ടായേക്കാം, സാമ്പത്തിക ഘടകങ്ങൾ മാറി മറിഞ്ഞേക്കാം. എന്നാൽ കുടുംബമെന്ന സങ്കല്പ ത്തെ സാക്ഷകരിക്കുവാൻ കൂടുതൽ അർത്ഥസമ്പുഷ്ടമാകുവാൻ ഇങ്ങനെ ഒരു അവസരം പ്രകൃത്യാ ഒരുക്കിയതാണെന്നു വിശ്വസിച്ചു ഈ അവസരത്തെ ഏറ്റം ഉചിതമായി പ്രയോജനപ്പെടുത്തുക.**

സ്വഭാവ രൂപീകരണത്തിന്റെ ഭവിഷ്യ വശങ്ങളെ ആശ്ലേഷിച്ചുകഴിഞ്ഞിരിക്കും.

പ്രൈമറി സ്കൂളിലോ കിന്റർഗാർഡനിലോ പോയിരുന്ന ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഒന്നോ രണ്ടോ മാസങ്ങൾക്കു മുൻപുള്ള ജീവിതരീതികൾ ഒന്നും തന്നെ ഇപ്പോൾ ഇല്ല. അന്ന് മാതാപിതാക്കളിൽ നിന്നും കേട്ടിരുന്ന ഒരു ചോദ്യവും ഇന്ന് കേൾക്കാനില്ല. അന്ന് ലഭിച്ചിരുന്ന സ്നേഹത്തിന്റെ, കരുതലിന്റെ പരിഗണന കൾ ഒന്നും തന്നെ ഇപ്പോൾ ലഭിക്കുന്നുമില്ല. സ്ക്രീൻ ടൈം ഒഴിവാക്കാൻ വേണ്ടി ഔട്ഡോർ ഇവെന്റ്സ് ഗെയിംസ് മുതലായവ നിർബന്ധം ആക്കിയിരുന്ന മാതാപിതാക്കൾ ഇപ്പോൾ വീടിനുള്ളിൽ തന്നെ. മാത്രവുമല്ല, അവരും കമ്പ്യൂട്ടർനു മുന്നിൽ തന്നെ. തീ പാറുന്ന സംസാരങ്ങളും മീറ്റിംഗ് കാലുമൊക്കെ ഇപ്പോൾ വീടിനുള്ളിൽ തന്നെ. എന്നും രാവിലെ ഡ്രസ്സ് അപ്പ് ചെയ്തു ഓഫീസിൽ പോകാൻ തിടുക്കം കൂട്ടിയിരുന്നവർ ഇപ്പോൾ മുഴുവൻ സമയവും വീടിനുള്ളിൽ ഇടുന്ന വേഷങ്ങളിൽ തന്നെ. ഒരു കുഞ്ഞു മനസിന് ഉൾകൊള്ളാൻ സാധിക്കുമോ ഇല്ലയോ എന്നതിനേക്കാളും അടുക്കും ചിട്ടയും ശീലിച്ചു പോന്നിരുന്ന ഒരു ജീവിത ശൈലിയിൽ നിന്നുള്ള ഈ പ്രത്യക്ഷ വ്യതിയാനം അവരുടെ ജീവിത വീക്ഷണത്തെ ആകെ മാറിയിരിക്കും. സംസ്കാരമേ മാറിപ്പോയിരിക്കുന്നു.

കുടുംബമെന്ന ചുറ്റുവട്ടത്തെ profession എന്ന തുലാസിൽ അളന്നു നോക്കിയിരുന്ന എല്ലാ വ്യക്തികളള്ളും കുടുംബങ്ങൾക്ക് ഉള്ളിൽ തന്നെ ജീവിക്കുന്ന വ്യക്തികളായി മാറി കഴിഞ്ഞിരിക്കുന്നു. ഈ കാലഘട്ടത്തിനോട് സമാനമായ പല കാലങ്ങൾ ഇതിനു മുൻപും മനുഷ്യരാശി നേരിട്ടിട്ടുമുണ്ട്. അവയെ കടന്നു പോയീട്ടുമുണ്ട്. ഉദാഹരണത്തിന് ഫ്രാൻസ്, ബ്രിട്ടൻ, മിഡ്ഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഇവയിലൊക്കെ കോവിഡ്നു സമാനമായ രോഗവ്യാപനങ്ങൾ ഉണ്ടായീട്ടുണ്ട്. അപ്പോളെല്ലാം, രോഗത്തെ പ്രതി രോധിക്കുന്നതിനോടൊപ്പം തന്നെ അതിൽ നിന്ന് ഉരുത്തിരിഞ്ഞ മാനസികാരോഗ്യ പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മാനസികാരോഗ്യ പരിശോധന കളും, ചികിത്സാ വിധികളും നടത്തിയിരുന്നു 1990 റുകളിൽ ഫ്രാൻസിൽ നടമാടിയ ഭീകരാക്രമണത്തിനു ശേഷവും അവിടുത്തെ പൗരന്മാരുടെ മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനായി അവർ psycological unit തുടങ്ങിയിരുന്നു. W.H.O അതിനാവശ്യമായ protocols അന്ന് നൽകിയിരുന്നു.

കോവിഡ് -19 ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ട ചൈന യിൽ നിന്നുള്ള പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ലോക്ക് ഡൗൺ എത്രത്തോളം അവരെ മാന സിക തകർച്ചയിലേക്ക് നയിച്ചിരുന്നു എന്നാണ്. മുന്നത്തെക്കാൾ അധികമായി കുടുംബ കോടതികളിൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നു.

Long Term effects of SARS quarantine എന്ന പഠന റിപ്പോർട്ടിൽ പറയുന്നത്, quarantine ൽ കഴിഞ്ഞ നല്ല ശതമാനം ആളുകൾ ഇന്ന് അതിന്റെ ദൂഷ്യഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുക ആണു എന്നാണ്. അവരിലുണ്ടായ ഈ ദീർഘകാല അപകടസാധ്യത തന്നെയാണ് കുട്ടികളുടെ മാനസിക വളർച്ചയെയും വ്യക്തിത്വവികസനത്തെയും സാരമായി ബാധിക്കാൻ സാധ്യത ഉള്ളത്. The Lancet Commission on Global Mental Health and Sustainable Development ന്റെ നിർദ്ദേശ പ്രകാരം, ഉയർന്ന വരുമാനമുള്ള രാജ്യങ്ങൾ മിക്കവരും അവരുടെ ബഡ്ജറ്റിന്റെ 10% എങ്കിലും മാനസികാരോഗ്യ പരിപാലനത്തിനായി മാറ്റിവെച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്.

മാനസികാരോഗ്യം നിലനിർത്തേണ്ടത് നമ്മുടെ ആവശ്യമാണ്. ദിനചര്യകൾക്ക് മാറ്റം വന്നേക്കാം, വൈകാരികതലങ്ങൾക്കു വ്യത്യാസം ഉണ്ടായേക്കാം, സാമ്പത്തിക ഘടകങ്ങൾ മാറി മറിഞ്ഞേക്കാം. എന്നാൽ കുടുംബമെന്ന സങ്കല്പത്തെ സാക്ഷകരിക്കുവാൻ കൂടുതൽ അർത്ഥസമ്പുഷ്ടമാകുവാൻ ഇങ്ങനെ ഒരു അവ സരം പ്രകൃത്യാ ഒരുക്കിയതാണെന്നു വിശ്വസിച്ചു ഈ അവസരത്തെ ഏറ്റം ഉചിതമായി പ്രയോജനപ്പെടുത്തുക. മനസികാരോഗ്യത്തിനും ഉല്ലാസത്തിനും സ്വന്തം ജീവിതത്തിലും കുടുംബത്തിലും അവസരങ്ങൾ ഉണ്ടാക്കുക.

ദിവസവും കുട്ടികളെ അടുത്ത് വിളിച്ചിരുത്തി അവരുടെ സ്നേഹത്തോടെ സംസാരിക്കാൻ അവസരം സൃഷ്ടിക്കുക.അവരുടെ ആകാംഷകൾക്കു ഒരു ഇടവേള നൽകുക. ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ എങ്ങനെ യാണ് മാതാപിതാക്കൾ നേരിടുന്നത് എന്ന് അവരോടും പറയുക. ഭാവിയിൽ അവർ മറന്നു പോവാത്ത ഒരു ഏടായി എന്നും സൂക്ഷിച്ചു വെക്കാവുന്ന ഒരു പൊൻ തൂവൽ പോലെ ആക്കുക ഈ കൊറോണ കാലഘട്ടം.

കുട്ടികളോടൊത്ത് കൂടുതൽ സമയം ചിലവഴിച്ചും, സമചിത്തതയോടെ, സന്തോഷത്തോടെ പ്രതിസന്ധികളെ തരണം ചെയ്യുന്ന മാതാപിതാക്കളെ കണ്ട് വരും തലമുറ അവരുടെ ജീവിത വീശിക്ഷണത്തെ ബലപ്പെടുത്തട്ടെ. ഇപ്പോൾ നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ് കോവിഡ്-19 കഴിഞ്ഞു വരുന്ന കാലഘട്ടത്തിൽ നമ്മുടെ മാർഗ്ഗദീപം! കുട്ടികളുടെ ചൂണ്ടുപലക.

***വിവരങ്ങളുടെ കടപ്പാട്: സയന്റിഫിക് ജേർണലിസ്, സ്പിൻജർ***

# കോവിഡ് -19 Quarantine സമയത്തും അല്ലാതെയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## കേരളാ ഡിസാസ്റ്റർ ഹെൽപ് ഡെസ്ക് തയാറാക്കിയ അറിയിപ്പ്




















# കാൽഗരിയിലെ മേരിയും പെട്ടിയിലെ സാരിയും



- JJ Adoor

ഈ പ്രാവശ്യം അപ്പന്റെ അടിയന്തിരത്തിനു നാട്ടിൽ പോയപ്പോൾ, ഒട്ടും സമയമിയില്ലാതെയിരുന്നിട്ടു പോലും, തിരുവല്ലയിലെ ജോയിച്ചന്റെ കടയിൽനിന്നും (ജോയ് ആലുക്കാസ്-ജോളി സിൽക്ക്) എണ്ണം പറഞ്ഞു മൂന്നു ഡസൻ (36) സാരിയും അതിനു മാച്ചിങ് ഐറ്റങ്ങളും എക്സ്ട്രാ ലഗേജിനു മുടിഞ്ഞ പൈസയും കൊടുത്തു കൊണ്ടുവന്നതാണ്.

ആണ്ടിൽ 52 ആഴ്ചകളുള്ളതിൽ പകുതിയോളവും കാൽഗരിയിലെ മഞ്ഞും തണുപ്പും മൂലം സാരി ഉടുക്കാൻ പറ്റത്തില്ല. ബാക്കിയുള്ള 26 ഞായറാഴ്ചകളിലെ പള്ളികുർബാനയ്ക്ക് കൊയർ ഗ്രൂപ്പിൽ നിൽക്കുമ്പോൾ ഉടുക്കാനും, ബാക്കി സ്പെഷ്യൽ ഡേയ്സ്, അസോസിയേഷൻ ഓണം, ക്രിസ്മസ്, മറ്റു വ്യക്തികൾ കൊണ്ടുവരുന്ന സിനിമാ കലാകാരന്മാരുടെ പരിപാടി എല്ലാത്തിനും വേണ്ടി കണക്കുകൂട്ടി വാങ്ങികൊണ്ടുവന്നതാണ്.

കാൽഗറിയ്ക്കു വരുന്നതിനുമുമ്പ് സിംഗപ്പൂരിൽ ആയിരുന്നപ്പോൾ - ഓരോ സാരിയുടുത്തു പള്ളിയിലും മറ്റു പരിപാടികളിലും പങ്കെടുക്കുമ്പോൾ കൂട്ടുകാരും-നാട്ടുകാരും ഒക്കെപറയുമായിരുന്നു ഈ സാരി മേരിക്ക് എന്തുചേർച്ചയാ എന്ന്. അടുത്ത ചോദ്യങ്ങൾ ഈ ഡിസൈൻ, ഈ പാറ്റേൺ എവിടെനിന്നു ഷോപ് ചെയ്തതാ?, മേരി ഷോപ്പിംഗിനു വേണ്ടി ദുബായിൽ ഇറങ്ങിയായിരുന്നോ എന്നതാവും. ചുറ്റും കൂടിയവർക്കു മുൻപിൽ ഞെളിഞ്ഞു നിന്ന് ഉത്തരം പറഞ്ഞു അവരുടെ ഇടയിൽ വിളങ്ങിയിരുന്ന ഒരു നല്ല കാലം. അതൊന്നു കാൽഗരിയിൽ ആവർത്തിക്കാൻ വേണ്ടി കഷ്ടപ്പെട്ട് എല്ലാം മാച്ചിങ്-മാച്ചിങ് കൊണ്ടുവന്നപ്പോൾ, ദേ കൊറോണ വന്ന് ലോകത്തെത്തന്നെ മാറ്റി മറിച്ചിരിക്കുന്നു.

പള്ളിയിലെ കുർബാന നിന്നു, മലയാളി അസോസിയേഷൻ എല്ലാ പരിപാടികളും റദ്ദു ചെയ്തു, മറ്റു കലാപരിപാടികളും ഇല്ലാതായി. നാട്ടീന് പാടുപെട്ടുകൊണ്ടുവന്ന എല്ലാ തുണികളും പുതുമണം മാറാതെ പെട്ടിയിലിരിക്കുകയാണ്. കൊറോണ മാറി ഇനിയെന്ന് അതൊക്കെ എടുത്തണിഞ്ഞു പത്തുപേരെ കാണിക്കാനാണ്?

അങ്ങനെ മനസ്സ് നൊന്തിരിക്കുമ്പോഴാണ് മേരിക്ക് ആ ബുദ്ധി തോന്നിയത്. പാറേമാതാവിനോട് ഒരു നേർച്ച പ്രാർത്ഥന. “എന്റെ പാറേമാതാവേ, ഈ കൊറോണ എല്ലാം മാറി രണ്ടു-മൂന്നു മാസത്തിനുള്ളിൽ എന്റെ പുത്തൻ സാരികൾ എല്ലാം ഉടുത്തു മറ്റുള്ളവരെ കാണിക്കാൻ ഉള്ള പരിപാടികൾ ഒപ്പിച്ചുതന്നാൽ രണ്ടു കൂടു മെഴുകുതിരി കത്തിച്ചേക്കാമെ” എന്ന്.

മേരിയുടെ പ്രാർത്ഥന കേട്ട പാറേമാതാവ് ആളൊഴിഞ്ഞ പള്ളിമുറ്റം നോക്കി ഇതികർത്തവ്യതാ മൂഢയായി തലക്കു കൈ കൊടുത്തിരുന്നുപോയി! ●

# Glimpse of IAPC





# കോറോണകാലത്തു കാനഡയിലിരിന്നു കേരളത്തെ സ്വപ്നം കാണുമ്പോൾ...

"കാനഡയിലെ ബാങ്കുകാർ ലൈൻ ഓഫ് ക്രെഡിറ്റ് (അതിങ്ങനെ അക്കൗണ്ടിൽ കിടന്നോളും. ഉപയോഗിച്ചാൽ മാത്രം പലിശ കൊടുത്താൽ മതി) എന്ന ഓമന പേരിൽ തരുന്ന ലോൺ എടുത്തിട്ടാണ് രണ്ടു വർഷം കൂടുമ്പോൾ നാട്ടിൽ പോണത്."



- Dr. PV Baiju

നാ

നാട്ടിലെങ്ങാനും കഴിഞ്ഞാൽ പോരായിരുന്നോ... ഇവിടെ ഉള്ളതൊക്കെ കൂട്ടി ജീവിച്ചാൽ മനസമാധാനം ഉണ്ടാവൂലോ... ഈ വൈറസ് പോയ പാടെ ഇങ്ങോട്ടു തിരിച്ചു പോരെ...'

കോറോണക്കാലത്തു നാട്ടിലേക്ക് വിളിക്കുമ്പോൾ കേൾക്കുന്ന ആവലാതികളിലൊന്നാണിത്.

'എന്നാ പിന്നെ തിരിച്ചു പോയേക്കാം. നാടിൻറെ പച്ചപ്പും ഹരിതാഭയും കണ്ടു ശിഷ്ടകാലം ജീവിക്കാം. ഏതു വൈറസ് വന്നാലും നേരിടാൻ പറ്റുന്ന ആരോഗ്യ സംവിധാനം നമുക്കുണ്ട്.'

'എന്തോന്നിനാ? അവിടെ പോയിട്ട് എന്തോന്ന് തിന്നാനാ.. നിങ്ങള് നിങ്ങടെ പേരിലുള്ള ഒരേക്കറില് പണിയെടുത്തിട്ടു മൂന്നു മക്കളേം പോറ്റുവോ?'

നാട്ടിൽ പോകുന്ന കാര്യങ്ങൾ പറഞ്ഞാൽ അവളുടെ കൈയീന്ന് ഇനിയും കേൾക്കേണ്ടിവരും.

കാര്യം ശരിയാ..നാട്ടിൽ പോയാൽ എങ്ങനെ കഴിയും? കാനഡയിലെ ബാങ്കുകാർ ലൈൻ ഓഫ് ക്രെഡിറ്റ് (അതിങ്ങനെ അക്കൗണ്ടിൽ കിടന്നോളും. ഉപയോഗിച്ചാൽ മാത്രം പലിശ കൊടുത്താ മതി) എന്ന ഓമന പേരിൽ തരുന്ന ലോൺ  എടുത്തിട്ടാണ് രണ്ടു വർഷം കൂടുമ്പോൾ നാട്ടിൽ പോണത്. പിന്നെ രണ്ടു വർഷം സകലമാന ഓവർടൈം പണിയെടുത്തിട്ടാണ് അത് വീട്ടണത്. ഓരോ വർഷവും നാട്ടിൽ പോകുമ്പോൾ അറിയാം, നാട്ടിലെ  ചെലവ് വാണം വിട്ടപോലെ മോളിലേക്കു പോണത്.

ശരിയാ മക്കളെ നാട്ടിൽ കൊണ്ട് പോയി പഠിപ്പിക്കാം, സ്വന്തക്കാരെയും ബന്ധുക്കളും ആരെന്നു മനസിലാക്കാം. മലയാളം പഠിക്കേം ചെയ്യും, ഗിത്താർ പഠിക്കുന്ന മോനോട് ഒരു മലയാളം പാട്ട് അതിൽ വായിക്കാൻ പറഞ്ഞപ്പോൾ, അവന്റെ മറുപടി കേട്ടതിൽ പിന്നെ, അവനോടു മലയാളം പാട്ട് എന്നൊരു വാക്ക് അറിയാതെപോലും ഉരിയാടാതിരിക്കാൻ ശ്രമിക്കയാണ്.

നാട്ടിൽ മക്കളുടെ വിദ്യഭാസമാണ് പ്രശ്നം. ഇളയ ആൾക്കു കിന്റർഗാർട്ടണിൽ കിട്ടണേൽ എത്രയിടത്തു ഇന്റർവ്യൂന് പോണം, പിന്നെ ഫീസും ഡോണേഷനും. മൂത്തവർക്ക് ഏതെങ്കിലും പ്രൈമറി സ്കൂളിൽ അഡ്മിഷൻ തരപെടുത്താം. മുടിഞ്ഞ ഫീസ് താങ്ങാനാവില്ലെങ്കിലും. ഇവിടെയാകുമ്പോ പന്ത്രണ്ടാം ക്ലാസ് വരെ പത്തു പൈസ ചെലവില്ല.

'നാടൊക്കെ മാറി. സർക്കാർ സ്കൂളൊക്കെ ഇപ്പൊ നല്ല നിലവാരത്തിലാ. പ്രൈവറ്റ് സ്കൂളിനേക്കാളും ഇപ്പൊ ഡിമാൻഡ് സർക്കാർ സ്കൂളിനാ.' കഴിഞ്ഞ തവണ വിളിച്ചപ്പോൾ അളിയൻ പറഞ്ഞതാ. പക്ഷെ നാല് വർഷം കാനഡയിലെ സ്കൂളിൽ കളിച്ചു വളർന്ന മൂത്തവനും, രണ്ടു വർഷം പഠിച്ച രണ്ടാമത്തെവളും അവിടത്തെ സ്കൂളിൽ പൊരുത്തപെടുമോ? എക്സലന്റ്, വണ്ടർഫുൾ തുടങ്ങിയ വാക്കുകൾ മാത്രം കേട്ട് വളർന്ന ഇവനൊക്കെ നാട്ടിലെ ടീച്ചറുമാരുടെ ഓരോ വാക്കുകൾ കേട്ടാൽ അന്നേ പഠനം നിറുത്തും. പള്ളിക്കാരുടെ വക ഒരാഴ്ച സമ്മർ സ്കൂളിന്, നാട്ടിലെ ഹെഡ്മിസ്ട്രസ് ആയിരുന്ന ടീച്ചറുടെ ഇപ്പോഴും മാറാത്ത നാട്ടിലെ ശൈലിയിലുള്ള ചീത്ത കേട്ടിട്ടു ഒന്നാംദിവസം തന്നെ സമ്മർ സ്കൂൾ നിറുത്തിയതാ മൂത്തവൻ.

കാനഡയിൽ എത്തിയതിനുശേഷം ഏറ്റവും വിഷമം തോന്നിയ കാര്യങ്ങളാണ്, ഞാനൊക്കെ കുട്ടിക്കാലത്തു ആസ്വദിച്ച അനുഭവങ്ങളൊക്കെ ഇവർക്ക് നഷ്ടമാകുന്നല്ലോ എന്നത്. പുഴയിൽ കുളിച്ചുനടന്നതും, നാട്ടിലെ മാവിൽ ഏറിഞ്ഞുനടന്നതും, പാടത്തും പറമ്പിലും പന്ത് കളിച്ചു നടന്നതും ഇവർക്കൊക്കെ നഷ്ടമായല്ലോ. നാട്ടിലേക്ക് പോയാൽ മക്കൾക്ക് ഇതൊക്കെ നൽകാം എന്നതാണ് പ്രതീക്ഷയയെങ്കിലും, അവിടെയെത്തിയാലും ഇതൊന്നും നടക്കാൻ ഇടയില്ല.

'നമ്മൾ ഇങ്ങോട്ടു പോന്നപ്പോഴുള്ള അവസ്ഥ യല്ല ഇപ്പോഴുള്ളത്. നമ്മൾ ഉണ്ടായിരുന്നപ്പോഴുള്ള നാട്ടിലാണ് നമ്മുടെ മനസ്, പക്ഷെ നാട് ആകെ മാറിപ്പോയി. നാട്ടിലെ കവലയിലൊക്കെ ചെറുപ്പക്കാർ കൂടിയിരിക്കുന്നതൊക്കെ വളരെ കുറവാണ്; ഉള്ളവരൊക്കെയോ തലയും കുമ്പിട്ടു മൊബൈലിൽ നോക്കിയിരിപ്പുണ്ടാവും.' നാട്ടിലെ സ്കൂളിൽ കൂടെ പഠിച്ചവൻ, കഴിഞ്ഞ ദിവസം ഇംഗ്ലണ്ടിൽ നിന്ന് വിളിച്ചപ്പോൾ പറഞ്ഞതാണ്. അവനൊക്കെ കുറച്ചു കൂടി ഭാഗ്യമുള്ളവരാണ്. പത്തു മണിക്കൂർകൊണ്ട് നാട്ടിലെത്താം. ഇത് മുപ്പതു മണിക്കൂർ വിമാനത്തിൽ ഇരുന്നാലാണ്, കാനഡയിലെ ഈ മുക്കിലെത്തുന്നത്. വന്നു ഒരാഴ്ച ജെറ്റ് ലാഗ് കാരണം ഉറക്കവും ശരിയാകില്ല, പണിക്കു പോകാനും പറ്റത്തില്ല.

ഗൾഫിൽ നിന്നും മലയാളികളെ ഒഴിപ്പിക്കുന്ന കേട്ടിട്ടു, ഇവിടെയും ചില മോഹങ്ങൾ തളിരിട്ടൊ എന്ന് സംശയം. ഹേയ്, അങ്ങനെ ഒന്നുമില്ല; ഉണ്ടാവുകയുമില്ല. കാരണം ഗൾഫിൽ ഉള്ളവർക്ക് അറിയാം അവർ എന്നായാലും നാട് പിടിക്കേണ്ടവരാണ്. കാനഡ, അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ, ന്യൂസീലാൻഡ് തുടങ്ങിയ രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം ഒരു കെണിയിൽ പെടുന്നത് പോലെയായാണ്. ഇനി തിരിച്ചു പോക്കുണ്ടാകില്ല. വർഷങ്ങൾ കഴിയുമ്പോഴും മനസ് നാട്ടിൽ ആണെങ്കിലും, ജീവിതം ഇവിടെത്തന്നെ അങ്ങ് പോയികൊണ്ടിരിക്കും. ●


New, Walk-In & Emergency Patients Welcome!

the art of smile

- Comprehensive Dental Examinations ▸ Complete Pediatric Dental Care
- Comprehensive Periodontal Care ▸ Teeth Cleaning & Whitening
- Aesthetic Restorations, Veneers, Inlays & Onlays
- Surgical extractions (Includes Wisdom tooth)
- Pre-prosthetic Surgeries & Root Canal Treatments
- Invisalign and Orthodontics ▸ Crowns, Bridges (Includes Implant supported ones)
- Dentures (Cast partials, Immediate, Definite)
- Implant Supported Dentures ▸ Nitrous Oxide Sedation
- Mouth Guards and Bruxism Appliances(TMJ)
- Emergency Treatments ▸ Laser Dental Care ▸ Dental Implants
- Cosmetic and therapeutic treatments- Facial Rejuvenation



Your Dentist
Dr. Mary Karolin, DDS
(University of Alberta)

TRINITY
FAMILY DENTAL LEDUC

Phone: 780-980-9222
Units 110 & 111, 4809 - 43 A Avenue,
Leduc, Alberta T9E 8J6
https://leducdental.com I trinity@leducdental.com




**anabbaz**

**CORROSION SERVICE LTD.**

**SERVICE SPECIALIST IN THE FIELD OF :**

**Integrity Engineering**
**Durability Engineering**
**Project ManageMent**
**Designing**
**Commissioning**

**Cathodic Protection**
**Critical Coating Inspection**
**AC Mitigation**
**CP Surveys**
**CP Maintenance**

**www.anabbaz.com**
230 Martha's Manor NE Calgary
T3J 4Y6 AB Canada

o: +1 587 306 2275
F: +1 587 352 4444
joseph.john@anabbaz.com



POEM

# Reflection



Fiza Rafeek

I went for a ten-minute adventure today

Felt the pedals push back under the soles of my feet
Felt the rays of sunlight bounce joyfully across my face
Felt the grip of my handles coarse against my palms

Heard the birds sing beautiful melodies
Rhymes pumping against my ears

Saw the grass fly
Cradled between the wisps of the wind

That's when I passed by an eerie window
The house was lively within its walls
Beyond its inner walls though
Grass greedily grew
Dirty dust developed depression
Wild webs wickedly warned

Time stopped still
We're mentally ill
Everything turned into a peculiar frame

A wind that had once cradled the grass gently
Now viciously ripped it from its roots

Beautiful melodies turned into waning cries
Hinting at the tragedy that had befallen our world

My palms began to sweat
The lost grip of my handles of candied reality
The bitterness of the virus crept into the folds of my tongue

The sunlight beamed down onto my face
Skin exposed in between the cracks of my mask
Lips yearned to taste the warmth of the sun

The pedals under the soles of my feet
Became more
Urgent
Desperate

Scared

Gripped the handles of reality tightly
Pushed pedals frantically
Cowardly craving for certainty
Stumbled upon my refuge

Shut my windows
Wishing for a hero

# IAPC ALBERTA CHAPTER ELECTED NEW OFFICE BEARERS: PRESIDENT: JOSEPH JOHN

**Edmonton, Alberta:** Indo American Press Club (IAPC), an association of media professionals of the Indian descent in North America, has elected a new team of Office Bearers for its Alberta Chapter. The new executives have been elected in the meeting held in the presence and leadership of IAPC Founding Chairman and Director, Ginsmon P. Zakharia, Director Board Secretary Dr. Matthew Joys, Director Board members Mathewkutty Easow, Dr. P V Baiju, Thampanoor Mohan( Vancouver) and Ashly Joseph (Niagara).

The new office bearers elected are: Joseph John (President), Binoj Menon Kuruvayill, (Vice President) RevirajRaveendran (Vice-President), Vivik Irumbuzhi (Secretary) Rijesh Peter (Joint Secretary) , Dr. Ann Abraham (Treasurer), Shahitha Rafeek (Advisory Board Chairperson), Jiji Padamadan (Advisory Board Member), Rajeev Chitrabhanu (Advisory Board Member), Thomas Pullukkatt (Advisory Board Member), and Noble Augustine (Advisory Board Member).

**Joseph John,** who has been elected as the Chapter President is a media person in the Global Reporter Channel. He started his public life as an ecological activist through Kerala Shasthra Sahithya Parishath (KSSP). He also worked as the District President of the Malankara Catholic Youth Movement and the District Convener of the Technical Students Congress and other regional organizations. He is one of the past presidents of the Malayalee Cultural Association of Calgary. He is also one of the founding members of NAMMAL( North American Media Center for Malayalam Arts and Literatue), and one of the chief organizers of Kavyasandhya ,a forum for literature lovers in Calgary. He is also a member of the Canadian Media Guild.

**Binoj Menon Kuruvayill,** elected as Vice President, is working in the Global Reporter channel as its Edmonton Reporter.

**Reviraj Raveendran,** the other Vice President is also a Calgary based video journalist based in Calgary and he works in Global Reporter Channel and NAMMAL Media.

**Vivik Irumbuzhi,** elected as Secretary, was one of the directors of the Dhwani News, is an actor, anchor, and a videographer who is also running a YouTube Channel by name 'Canadian Malabari'. He is also and director and partner of CANMA Entertainments.

**Rijesh Peter,** elected as the Joint Secretary, is a print and graphic professional, who has worked in the "Indian Currents" weekly in New Delhi and in the prestigious Creative Hot Spot K Factor as its assistant art director. He also works as one of the lead editorial hands behind the Souvenirs published by St. Mother Teresa Church Calgary, and Malayalee Cultural Association of Calgary. Additionally, he also does the art direction and marketing of these publications.

**Dr. Ann Abraham,** elected as Treasurer, who was a Project Coordinator for one of the Canadian Magazines, and an academic Journal Reviewer- (Educational Research) Springer. She is also one of the lead hands behind the Souvenirs published by St. Mother Teresa Church Calgary, and also, associating with NAMMAL media projects.

**Shahitha Rafeek,** who was elected as the Chairperson of the advisory board, is a freelance writer. She is a blog writer and works as a program coordinator at a non- profit organization.

A member of the Advisory Committee, **Jiji Padamadan** is a reporter for the Global Reporter Channel's Edmonton Bureau. He is also working as a mentor heal therapist at the Alberta Health Services. Over 10 years, he has been leading and cooperating with various programs for the identity and development of Malayalees.

**Rajeev Chithrabhanu** is based in Calgary, and an engineer by profession who writes in various periodicals published from North America. He used to be the coordinator of Malayalee Cultural Association of Calgary. He is one of the chief organizers of Kavyasandhya, a forum for literature lovers in Calgary.

**Thomas Pullukkatt** has been working in Edmonton Journal and Edmonton Sun for the last twenty-five years.

**Noble Augustine** is a teacher of English, Financial Secretary of Knights of Columbus, and the PRO of St. Mother Teresa Church, Calgary. He was the chief editor of the souvenir 2018 published by the SyroMalabar Community in Calgary.

Dr. Joseph Chalil IAPC Chairman, Board of Directors, and Dr.S.S Lal IAPC National President congratulated the new Team of Office Bearers being sworn in for the Alberta Chapter.

*Published in USA Malayalee.com on April 19, 2020*
*by Dr. Mathew Joys*

പ്രവാസിവിദ്യാർത്ഥികൾക്ക് മലയാള പഠനം എളുപ്പമാക്കുവാൻ ഇതാ ഒരു

# സുവർണ്ണാവസരം!

# പ്രവാസി ശ്രേഷ്ഠമലയാളം

## സമഗ്ര ഭാഷാപഠന സഹായി വാല്യം 1 & 2



*Compiled & Edited by*

പ്രൊഫ. ജോയി പല്ലാട്ടുമഠം

പ്രൊഫ. (ഡോ) സി. ദീപാ തൂമ്പിൽ



The complete Malayalam study material series dedicated to all generations of Pravasi Malayalees






**ഉമ്മൻ ചാണ്ടി**

മുൻ മുഖ്യമന്ത്രി, കേരള സംസ്ഥാനം

...മാതൃഭാഷയുടെ മാധുര്യവും അലിവും അനുഭവിക്കാൻ സാധിക്കാതെ പോകുന്നവർക്ക്, പ്രത്യേകിച്ച് വിദേശ രാജ്യങ്ങളിൽ ജനിച്ച് അവിടെ ജീവിക്കുന്നവർക്ക് ഇത് വളരെയധികം പ്രയോജനപ്പെടും എന്നുറപ്പാണ്...



**ഡോ.സി.ജെ. റോയ്**

മുൻ മലയാള വിഭാഗാധ്യക്ഷൻ, മധുരകാമരാജ് സർവ്വകലാശാല

...ഭാഷാപഠനം അനുക്രമവും അയത്നലളിതവുമാക്കുന്നതിനുള്ള ശ്രദ്ധേയമായ ശ്രമം കൃതിയിൽ കാണാം...






**ഡോ. ജേക്കബ് മണ്ണുംമൂട്**

(പ്രിൻസിപ്പൽ, എം.ജി.എം. ഹയർസെക്കണ്ടറി സ്കൂൾ, പുതുപ്പാടി, കോഴിക്കോട്)

...പ്രവാസജീവിതം നയിക്കുന്ന മലയാളികളുടെ അനന്തര തലമുറയ്ക്ക് നിധിപോലെ സൂക്ഷിക്കാൻ കഴിയുന്നതാണ് ഈ ഗ്രന്ഥം...



**Prof V. K. Thomas**

*Former Principal, St. Puis X College, Rajapuram &*
*Retired Prof. of English, St.Stephen's College, Uzhavoor)*

...Even adults who have no knowledge of Malayalam and would like to learn a new language could benefit from these books...

***For copies and other inquiries***

**Teachers, Parents, Religious Institutions & Malayali Associations Worldwide**

***Please contact***

**Prof. Joy Pallattumadom (USA) +1 972-510-4612 joyp001@yahoo.com**
**Dr. Punnan Kurian Venkadath (India) +91 944-707-7050 pkvenkadath@gmail.com**

*Published by*

Green Leaf Publications

*Layout & Printing*

**PENTA OFFSET, KTM**